©
കേരള സർക്കാർ
Government of Kerala
2019

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2019 ഫെബ്രുവരി 12<br>12th February 2019<br>1194 മകരം 29<br>29th Makaram 1194<br>1940 മാഘം 23<br>23rd Magha 1940 | നമ്പർ<br>No. | 7 |

## PART III

# Irrigation Department

ദർഘാസ് പരസ്യം

നമ്പർ ഡി.4-ടി.എൻ.-06/2018-19. 2019 ഫെബ്രുവരി 6.

കേരള ഗവർണ്ണർക്കുവേണ്ടി മലപ്പുറം ചെറുകിട ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ ചേർത്തിരിക്കുന്ന പ്രവൃത്തികൾക്ക് പൊതുമരാമത്ത് ഇലക്ട്രിക്കൽ 'സി' ക്ലാസോ അതിനു മുകളിലോ ഉള്ള അംഗീകൃത കരാറുകാർ എസ്. എസ്. ഐ. രജിസ്ട്രേഷനും ജി. എസ്. ടി. രജിസ്ട്രേഷനും ഉള്ളതും ജലസേചന ആവശ്യങ്ങൾക്കുള്ള ഉയർന്നശേഷി മോട്ടോർ പമ്പ് സെറ്റുകളുടെ റിപ്പയറിംഗ്, റീവൈൻഡിംഗ്, പരിപാലനം എന്നിവയിൽ ജലസേചന വകുപ്പിലോ ഇതര സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലോ ഒരു വർഷത്തിൽ കുറയാത്ത പ്രവർത്തന പരിചയമുള്ളവർ എന്നിവരിൽ നിന്നും മുദ്രവെച്ചതും പ്രവൃത്തിയുടെ പേരും ദർഘാസ് നമ്പരും ആലേഖനം ചെയ്തിട്ടുള്ളതുമായ കവറുകളിൽ മത്സരാടിസ്ഥാനത്തിലുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ 6-3-2019-ന്, 3 മണിവരെ സ്വീകരിക്കുന്നതും അന്നേദിവസം 3.30 മണിക്ക് തൽസമയം ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ ദർഘാസുകൾ തുറക്കുന്നതുമായിരിക്കും. പ്രസ്തുത ദിവസം സർക്കാർ അവധി പ്രഖ്യാപിക്കുകയാണെങ്കിൽ അതിന് തൊട്ട് പിന്നീടുള്ള ദിവസം ടി സമയത്ത് ദർഘാസുകൾ തുറക്കുന്നതാണ്. ദർഘാസുകൾ രജിസ്റ്റേർഡ് തപാൽ, സ്പീഡ് പോസ്റ്റ് എന്നിവ വഴി മാത്രമേ സ്വീകരിക്കുകയുള്ളൂ. കൊറിയർ സർവ്വീസ് വഴി അയയ്ക്കുന്നതോ നേരിട്ടു നൽകുന്നതോ ആയ ദർഘാസുകൾ സ്വീകരിക്കുന്നതല്ല. തപാൽ തകരാറുമൂലമോ മറ്റോ കാലതാമസം വന്നാൽ ഡിപ്പാർട്ട്മെന്റ് യാതൊരു ഉത്തരവാദിത്വവും ഏറ്റെടുക്കുന്നതല്ല. ദർഘാസിന്റെ കാലാവധി അത് സ്വീകരിക്കുന്ന തീയതി മുതൽ രണ്ട് മാസം വരെ ആയിരിക്കും.

| ക്രമ നമ്പർ | ദർഘാസ് നമ്പർ | പ്രവൃത്തിയുടെ പേരും അടങ്കൽ തുകയും | നിരതദ്രവ്യം ₹ | ദർഘാസ് പ്രമാണത്തിന്റെ വില ₹ | പ്രവൃത്തി തീർക്കേണ്ട കാലാവധി |
|---|---|---|---|---|---|
| 1 | 03/2018-19 | ഫ്ളഡ് 2018-ഇരിമ്പിളിയം പഞ്ചായത്തിലെ ഇരിമ്പിളിയം എൽ. ഐ. സ്കീം-പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച മോട്ടോറുകളുടെ ഓവർഹോളിംഗും 2018-19 വർഷത്തേക്കുള്ള വാർഷിക ഇലക്ട്രിക്കൽ അറ്റകുറ്റ പ്രവൃത്തികളും—₹ 4,66,118 | 11,700 | 940+ജി.എസ്.റ്റി. 12% | 6 മാസം |
| 2 | 04/2018-19 | ഫ്ളഡ് 2018-അരീക്കോട് പഞ്ചായത്തിലെ ചാലിയാർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി-പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച മോട്ടോറുകളുടെ ഓവർഹോളിംഗും 2018-19 വർഷത്തേക്കുള്ള വാർഷിക ഇലക്ട്രിക്കൽ അറ്റകുറ്റ പ്രവൃത്തികളും—₹ 2,47,025 | 6,200 | 500+ജി.എസ്.റ്റി. 12% | ,, |
| 3 | 05/2018-19 | ഫ്ളഡ് 2018-പോത്ത്കല്ല് പഞ്ചായത്തിലെ ഗ്രാമംകടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി-പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച മോട്ടോറുകളുടെ ഓവർഹോളിംഗും 2018-19 വർഷത്തേക്കുള്ള വാർഷിക ഇലക്ട്രിക്കൽ അറ്റകുറ്റപ്രവൃത്തികളും—₹ 2,41,409 | 6,100 | 500+ജി.എസ്.റ്റി. 12% | ,, |
| 4 | 06/2018-19 | ഫ്ളഡ് 2018-ചുങ്കത്തറ പഞ്ചായത്തിലെ പൂവത്തിക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി-പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച മോട്ടോറുകളുടെ ഓവർഹോളിംഗും 2018-19 വർഷത്തേക്കുള്ള വാർഷിക ഇലക്ട്രിക്കൽ അറ്റകുറ്റപ്രവൃത്തികളും—₹ 2,22,777 | 5,600 | 500+ജി.എസ്.റ്റി. 12% | ,, |
| 5 | 07/2018-19 | പുലാമന്തോൾ പഞ്ചായത്തിലെ രാമൻചാടി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി-ഒന്നാംഘട്ടം പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച മോട്ടോറുകളുടെ ഓവർഹോളിംഗും 2018-19 വർഷത്തേക്കുള്ള വാർഷിക ഇലക്ട്രിക്കൽ അറ്റകുറ്റപ്രവൃത്തികളും—₹ 2,77,258 | 7,000 | 560+ജി.എസ്.റ്റി. 12% | ,, |
| 6 | 08/2018-19 | തൃപ്രങ്ങോട് പഞ്ചായത്തിലെ ചെകുത്താൻകുണ്ട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി-പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച മോട്ടോറുകളുടെ ഓവർഹോളിംഗും 2018-19 വർഷത്തേക്കുള്ള വാർഷിക ഇലക്ട്രിക്കൽ അറ്റകുറ്റ പ്രവൃത്തികളും—₹ 2,86,807 | 7,200 | 580+ജി.എസ്.റ്റി. 12% | ,, |

ടെണ്ടർ ഫോറത്തിന്റെ വിൽപ്പന—താഴെ ഒപ്പിട്ടിരിക്കുന്ന ഓഫീസിൽ നിന്നും 25-2-2019 മുതൽ 26-2-2019 വൈകിട്ട് 5 മണി വരെ.

ദർഘാസ് പ്രമാണങ്ങളും മറ്റ് വിവരങ്ങളും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും നിശ്ചിത സമയത്തിനു മുമ്പായി ദർഘാസ് ഫോറത്തിന്റെ വിലയും നികുതിയും രൊക്കം പണമായി അടച്ച് രേഖാമൂലം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണത്തിനുവേണ്ടി അടയ്ക്കുന്ന തുക യാതൊരു കാരണവശാലും തിരികെ ലഭിക്കുന്നതല്ല. ദർഘാസ് പ്രമാണത്തിന്റെ ഏകദേശ വിലയാണ് മുകളിൽ കൊടുത്തിരിക്കുന്നത്. അപേക്ഷ സമർപ്പിക്കുമ്പോൾ യഥാർത്ഥ വില എത്രയെന്ന് ഓഫീസിൽ

അന്വേഷിക്കേണ്ടതും ആയതും ചരക്ക് സേവന നികുതിയും ദർഘാസ് പ്രമാണത്തിനായി ഒടുക്കേണ്ടതുമാണ്. ദർഘാസിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന കരാറുകാരും ഐ. എസ്. ഐ. രജിസ്ട്രേഷൻ ഉള്ള പ്രവർത്തന പരിചയം ഉള്ളവരും (ലേബർ കോൺട്രാക്ട് സൊസൈറ്റി ഉൾപ്പെടെ) അവരുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ സഹിതം നേരിട്ട് ഹാജരാകേണ്ടതാണ്. ലേബർ കോൺട്രാക്ട് സൊസൈറ്റികൾ അവർ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളുടെ ആകെ അടങ്കൽ തുകയുടെ സർട്ടിഫിക്കറ്റ് അതാത് രജിസ്ട്രാറിൽ നിന്നും വാങ്ങി ദർഘാസ് ഫോറത്തിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

ദർഘാസ് പ്രമാണങ്ങൾ അംഗീകൃത കരാറുകാർക്കും ഐ. എസ്. ഐ. രജിസ്ട്രേഷൻ ഉള്ള പ്രവർത്തന പരിചയം ഉള്ളവർക്കും മാത്രം ലഭിക്കുന്നതും ഇവ കൈമാറ്റംചെയ്യാൻ പാടില്ലാത്തതുമാണ്. ദർഘാസ് ദിവസം നിശ്ചിത സമയംവരെ ദർഘാസുകൾ സ്വീകരിക്കുന്നതാണ്. നിരതദ്രവ്യം പണമായി സ്വീകരിക്കുന്നതല്ല. എക്സിക്യൂട്ടീവ് എഞ്ചിനീയറെ അധികാരപ്പെടുത്തിയതും ആവശ്യമായ സ്റ്റാമ്പ് പതിച്ചതുമായ നിരതദ്രവ്യം ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസിനോടൊപ്പം ₹ 210-ന്റെ മുദ്രപത്രത്തിൽ ശരിയായ വിധത്തിലുള്ള പ്രാഥമിക ഉടമ്പടി, ടി. ആർ. 5 രശീതിയോ അതിന്റെ പകർപ്പോ എന്നിവ വയ്ക്കാത്ത ദർഘാസുകളും കവറിന്റെ പുറത്ത് പ്രവൃത്തിയുടെ പേരും ദർഘാസ് നമ്പരും എഴുതാത്ത ദർഘാസുകളും നിരസിക്കുന്നതാണ്. സർക്കാർ ഉത്തരവ് നമ്പർ (സാധാ.) 582/2012/ഡബ്ല്യു.ആർ.ഡി/തിരുവനന്തപുരം തീയതി 16-5-2012-ൽ നിർദ്ദേശിച്ച പ്രകാരം കോർ ബാങ്കിംഗ് സംവിധാനമുള്ള ബാങ്കിലെ കരാറുകാരന്റെ അക്കൗണ്ട് നമ്പരും ഐ. എഫ്. എസ്. കോഡും ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം ദർഘാസുകൾ നിരസിക്കുന്നതാണ്. ദർഘാസുകൾ സംബന്ധിച്ച ജലവിഭവ വകുപ്പിൽ നിലവിലുള്ള എല്ലാചട്ടങ്ങളും നിബന്ധനകളും ഈ ദർഘാസിനും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസിൽ അന്വേഷിക്കാവുന്നതാണ്.

ചെറുകിട ജലസേചന വിഭാഗം
എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
മലപ്പുറം.

(ഒപ്പ്)
എക്സിക്യൂട്ടീവ് എഞ്ചിനീയർ.